# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5282 — 26/03/2018-ലെ മറുപടിക്ക്

### കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ എച്ച്.എസ്.എ ഇംഗ്ലീഷ് തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ എച്ച്.എസ്.എ ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു; | (എ) 1. കണ്ണൂർ ജില്ല<br>നിലവിലുള്ളത് - ഒഴിവില്ല<br>2. കാസർഗോഡ് ജില്ല<br>നിലവിലുള്ളത് - 16<br>റിപ്പോർട്ട് ചെയ്തത് - 9<br>3. വയനാട് ജില്ല<br>നിലവിലുള്ളത് - 1<br>റിപ്പോർട്ട് ചെയ്തത് - 1 |
| (ബി) അന്തർ ജില്ലാ സ്ഥലംമാറ്റം, പ്രൊമോഷൻ, തസ്തികമാറ്റം എന്നീ വിഭാഗങ്ങളിൽ നിയമനം നടത്തുവാൻ മാറ്റിവെയ്ക്കപ്പെട്ട ഒഴിവുകൾ പൂർണ്ണമായും നികത്തപ്പെട്ടിട്ടില്ലെങ്കിൽ ശേഷിക്കുന്ന ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് നൽകുമോ; | (ബി) 23/01/2018 തീയതിയിലെ സ.ഉ(കൈ) നം. 6/2018/പൊ.വി.വ പ്രകാരം നേരിട്ടുള്ള നിയമനം, അന്തർ ജില്ലാ സ്ഥലംമാറ്റം, പ്രൈമറി സ്കൂൾ ടീച്ചർ പ്രൊമോഷൻ, തസ്തികമാറ്റ നിയമനം എന്നിവയ്ക്ക് യഥാക്രമം 50%, 25%, 15%, 10% എന്ന കണക്കിൽ മാറ്റിവച്ചിട്ടുണ്ട്. ഇപ്രകാരം മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളില്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ അതത് വർഷം തന്നെ നേരിട്ടുള്ള നിയമനം നടത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) കാസർഗോഡ്, വയനാട് ജില്ലകളിലെ ആർ എം എസ് എ സ്കൂളുകളിൽ 07/10/2017 ലെ പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം കെ.ഇ.ആർ | (സി) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ ആർ.എം.എസ്.എ വിഭാഗത്തിലെ 12 സ്കൂളുകളിലായി 13 എച്ച്എസ്എ ഇംഗ്ലീഷ് തസ്തികകൾ |

| | | | |
|---|---|---|---|
| | അനുസരിച്ച് എച്ച്.എസ്.എ ഇംഗ്ലീഷ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;എത്ര സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചു; ഈ ജില്ലകളിൽ കെ.ഇ.ആർ അനുസരിച്ചുള്ള യോഗ്യതകളില്ലാതെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ആർ എം എസ് എ സ്കൂളുകളുടെ എണ്ണവും തസ്തികകളുടെ എണ്ണവും ജില്ല തിരിച്ച് നൽകാമോ; | | നിലവിലുണ്ട്. ഈ വിഭാഗത്തിലെ 5 സ്കൂളുകളിൽ കുട്ടികളുടെ എണ്ണം പരിമിതമായതിനാൽ പ്രസ്തുത തസ്തിക അനുവദിച്ചിട്ടില്ല.<br><br>വയനാട് ജില്ലയിൽ ആർ.എം.എസ്.എ വിഭാഗത്തിലെ 11 സ്കൂളുകളിലായി 11 എച്ച്എസ്സ്എ ഇംഗ്ലീഷ് തസ്തികകൾ നിലവിലുണ്ട്. യോഗ്യത ഇല്ലാത്തതായി ആരും തന്നെ ഇല്ല. |
| (ഡി) | 2016 ലെ കെ.ഇ.ആർ ഭേദഗതി അനുസരിച്ച് എച്ച്. എസ്.എ വിഭാഗത്തിലെ ഇംഗ്ലീഷിനെ കോർസബ്ജക്റ്റ് വിഭാഗത്തിൽ നിന്നും ഭാഷാ വിഷയമായി മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ചാണോ 2017 ലെ തസ്തിക നിർണ്ണയം പൂർത്തികരിച്ചത്; ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ? | (ഡി) | മാറ്റിയിട്ടില്ല.<br><br>07/01/2002 ലെ സ.ഉ(എം.എസ്) 11/02/പൊ.വി.വ പ്രകാരം ഇംഗ്ലീഷിനെ കോർവിഷയങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി, കോർവിഷയങ്ങളുടെ വിതരണക്രമം പുന:ക്രമീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷിനെ ഭാഷാവിഷയമായി മാറ്റുന്നതു സംബന്ധിച്ച നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**